ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) നിവേദനം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. സൂപ്പർ മാർക്കറ്റായി ഉയർത്തിയാൽ പ്രതിമാസം കുറഞ്ഞത് 10 ലക്ഷം രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന മാവേലി സ്റ്റോറുകളാണ് നിലവിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നത്. എന്നാൽ കാവുംകര മാവേലി സ്റ്റോറിലെ ഇപ്പോഴത്തെ ശരാശരി പ്രതിമാസ വിറ്റുവരവ് 3 ലക്ഷം രൂപയിൽ താഴെ മാത്രമാണ്. എന്നാൽ വിറ്റുവരവ് വർദ്ധിച്ചു വരുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മാവേലി സ്റ്റോർ അനുവദിക്കാൻ നടപടി

73 (5751) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ മാവേലിസ്റ്റോർ ഇല്ലാത്ത ഏതെങ്കിലും പഞ്ചായത്ത് ഉണ്ടോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ഈ പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കുമോ ?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളില്ല.

(ബി) ബാധകമല്ല.

സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി

74 (5752) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടകര കേന്ദ്രീകരിച്ച് താലൂക്കിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വടകര കേന്ദ്രീകരിച്ച് താലൂക്കിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഇപ്പോൾ പദ്ധതിയില്ല.

മലയോരപ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോർ

75 (5753) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനമുണ്ടോ ; ഇതിനായി എത്ര വാഹനങ്ങളാണ് സിവിൽസപ്ലൈസ് വകുപ്പ് വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly